**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1718** **04-02-2026 - ൽ മറുപടിയ്ക്ക്**

**അരിമ്പൂരിലെ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ ഉദ്ദേശലക്ഷ്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | മണലൂർ മണ്ഡലത്തിൽ അരിമ്പൂരിൽ പ്രവർത്തിക്കുന്ന അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (എ) | കാർഷികാധിഷ്ഠിത യന്ത്രവൽക്കരണത്തിൽ ലക്ഷ്യം വച്ച് സംസ്ഥാനത്തെ കാർഷിക രംഗത്തിന് ആവശ്യമായ യന്ത്രങ്ങളുടെയും ആധുനിക കാർഷികോപകരണങ്ങളുടേയും ഉപയോഗം സാർവത്രികമാക്കുക എന്നതാണ് മണലൂർ മണ്ഡലത്തിലെ അരിമ്പൂരിൽ പ്രവർത്തിക്കുന്ന അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ ഉദ്ദേശലക്ഷ്യം. |
| (ബി) | പ്രസ്തുത സ്ഥാപനത്തിൽ കൃഷി സംബന്ധമായ ഏതെല്ലാം യന്ത്ര സാമഗ്രികൾ നിലവിലുണ്ടെന്നും, അവ പ്രവർത്തനക്ഷമമാണോയെന്നും അറിയിക്കുമോ; | (ബി) | അരിമ്പൂരിൽ പ്രവർത്തിക്കുന്ന അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ സ്ഥാപനത്തിൽ ട്രാക്ടർ, പവർ ടില്ലർ, കൊയ്ത്ത് മെതി യന്ത്രങ്ങൾ എന്നിവ നിലവിലുണ്ട്. കർഷകർക്ക് വാടകയ്ക്ക് നൽകിയിരുന്ന ഇവയിൽ ഭൂരിഭാഗം യന്ത്രങ്ങളും കാലപ്പഴക്കത്താൽ പ്രവർത്തനക്ഷമമല്ല. വളരെ കുറച്ചു യന്ത്രങ്ങൾ മാത്രമാണ് പ്രവർത്തനക്ഷമമായിട്ടുള്ളത്. |
| (സി) | കേടുപാടുകൾ വരുന്ന യന്ത്ര സാമഗ്രികൾ നന്നാക്കാനുള്ള സൗകര്യങ്ങൾ പ്രസ്തുത സ്ഥാപനത്തിൽ നിലവിലുണ്ടോ; ഇല്ലെങ്കിൽ അവ നന്നാക്കുന്നതിന് നിലവിൽ എന്തുമാർഗ്ഗമാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | പ്രവർത്തനക്ഷമമായിട്ടുള്ള യന്ത്രങ്ങൾക്ക് വരുന്ന കേടുപാടുകൾ തീർക്കുന്നതിനുള്ള സൗകര്യങ്ങൾ ഈ സ്ഥാപനത്തിൽ നിലവിലുണ്ട്. |
| (ഡി) | എത്രകാലമായി പ്രസ്തുത സ്ഥാപനം അരിമ്പൂരിൽ പ്രവർത്തിക്കുന്നുവെന്നും അവിടെ നടക്കുന്ന പ്രവർത്തനങ്ങൾ മോണിറ്ററിംഗ് ചെയ്യുന്നതിന് നിലവിൽ സംവിധാനമുണ്ടോയെന്നും അറിയിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ഡി) | 1968 മുതൽ ഈ സ്ഥാപനം അരിമ്പൂരിൽ പ്രവർത്തിച്ചു വരുന്നു. ഈ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ മോണിറ്ററിംഗ് ചെയ്യുന്നതിന് തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ ഹെഡ് ആഫീസ് തലത്തിൽ സംവിധാനമുണ്ട്. |
| (ഇ) | പ്രസ്തുത സ്ഥാപനത്തിന്റെ കഴിഞ്ഞ രണ്ട് വർഷത്തെ പ്രവർത്തനങ്ങളെ കുറിച്ച് വിശദമാക്കാമോ? | (ഇ) | കഴിഞ്ഞ രണ്ട് വർഷമായി കാർഷികയന്ത്രങ്ങളുടെ വിൽപ്പനയും വിൽപ്പനാനന്തര സേവനവും നടത്തിവരുന്നു. കൂടാതെ കൃഷിയ്ക്ക് ആവശ്യമായ ജൈവവളങ്ങൾ, തൈകൾ, വിത്തുകൾ, നടീൽ വസ്തുക്കൾ എന്നിവയുടെ വിപണനവും നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ